(സി) നടപ്പുവർഷം എല്ലാ പ്രോജക്ടുകളും നടപ്പിലാക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം സജീവമായി പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2015-16 അദ്ധ്യയനവർഷം 1, 2 ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും വായന ഉറപ്പാക്കുന്നതിലേയ്ക്കായി വിവിധ നിലവാര വായന കാർഡുകൾ (Multi level reading cards) 1 മുതൽ 8 വരെയുള്ള എല്ലാകുട്ടികളും നിശ്ചിത പഠനനേട്ടം കൈവരിച്ചു എന്ന് ഉറപ്പാക്കുന്ന സ്മാർട്ട് ചിൽഡ്രൻ പരിപാടി, 5 മുതൽ എട്ടുവരെയുള്ള ക്ലാസ്സിലെ കുട്ടികൾക്ക് ശാസ്ത്രത്തിലും ഭൂമിശാസ്ത്രത്തിലും മികവുണ്ടാകുന്നതിന് ബാലശാസ്ത്ര കോൺഗ്രസ് എന്നീ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) 2015-16 വർഷ പദ്ധതി പ്രവർത്തനത്തിനായി കേന്ദ്രത്തിൽ സമർപ്പിച്ച പ്രോജക്ടുകളിൽ സിവിൽ വർക്ക് ഒഴികെ എല്ലാ പ്രോജക്ടുകൾക്കും അനുമതി ലഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

എസ്.എസ്.എ. പ്രകാരം കമ്മ്യൂണിറ്റി ടെയിനിംഗ്

25 (5091) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് എസ്.എസ്.എ. പ്രകാരം കമ്മ്യൂണിറ്റി ടെയിനിംഗ് പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം എല്ലാ സർക്കാർ വിദ്യാലയങ്ങളിലും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കെ.ഇ.ആർ. പ്രകാരം പി.റ്റി.എ. കമ്മിറ്റിയും ഗവൺമെന്റ് എയ്ഡഡ് വിദ്യാലയങ്ങളിൽ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഓരോ വിദ്യാലയവും അതിന്റെ അക്കാദമിക അക്കാദമികേതര പുരോഗതി മുന്നിൽക്കണ്ടുകൊണ്ട് വിദ്യാലയ വികസന പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. ഇത് തയ്യാറാക്കാൻ എസ്.എം.സി., പി.റ്റി.എ. കമ്മിറ്റികളെ സജ്ജമാക്കുകയാണ് കമ്മ്യൂണിറ്റി ടെയിനിംഗിന്റെ പ്രധാന ഉദ്ദേശം.

(സി) കഴിഞ്ഞ അദ്ധ്യയനവർഷം ഓരോ വിദ്യാലയത്തിൽ നിന്നും അതാത് എസ്.എം.സി., പി.റ്റി.എ. അംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.

എസ്.എസ്.എൽ.സി. പാസ്സാവുന്നവരുടെ എണ്ണം

26 (5093) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ-എയ്ഡഡ് മേഖലയിൽ എസ്.എസ്.എൽ.സി. പാസ്സാകുന്നവരുടെ എണ്ണത്തിൽ കുറവ് വന്നുകൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

എസ്.എസ്.എൽ.സി. വിജയിച്ച എയ്ഡഡ് മേഖലയിലേയും. സർക്കാർ മേഖലയിലേയും കഴിഞ്ഞ അഞ്ചുവർഷത്തെ വിദ്യാർത്ഥികളുടെ എണ്ണം ചുവടെ കൊടുക്കുന്നു : വിജയികളുടെ എണ്ണത്തിൽ ശ്രദ്ധേയമായ കുറവ് ഉണ്ടായിട്ടില്ല.

വർഷം	എയ്ഡഡ് സ്കൂളുകൾ	ഗവൺമെന്റ് സ്കൂളുകൾ
2011	259268	130381
2012	271778	139750
2013	277903	143034
2014	272556	140398
2015	279057	149894

LIBRARY ARCHIVES Kerala Legislative Assembly